# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.790**

**09.08.2017-ൽ മറുപടിയ്ക്ക്**

## പയ്യന്നൂർ മണ്ഡലത്തിൽ പുതിയ തീയേറ്റർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സി.കൃഷ്ണൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂരിൽ പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന തീയേറ്ററിന്റെ നടപടി ക്രമങ്ങൾ ഏത് വരെയാണ് വിശദമാക്കുമോ ; | (എ) | പയ്യന്നൂർ നഗരസഭയിൽ തീയേറ്റർ സമുച്ചയം നിർമ്മിക്കുന്ന പദ്ധതിയുടെ നടപടികൾ പുരോഗമിച്ചു വരികയാണ്. ടി പദ്ധതിയ്ക്ക് സ്ഥലം കൈമാറുന്നതിനുവേണ്ടിയുള്ള കരട് എഗ്രിമെന്റ് നഗരസഭയ്ക്ക് കൈമാറുകയും, ടി എഗ്രിമെന്റ് നഗരസഭ കൗൺസിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭ അംഗീകരിച്ച പാട്ട തുക കൂടുതലാണെന്നും ടി തുകയിൽ കുറവ് വരുത്തണം എന്നും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ നഗരസഭയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ടി ആവശ്യം കൂടി നഗരസഭ അംഗീകരിക്കുന്ന മുറയ്ക്ക് മേൽ പദ്ധതിയ്ക്കായി എഗ്രിമെന്റിൽ ഒപ്പിടുന്നതാണ്. |
| (ബി) തീയേറ്റർ നിർമ്മാണത്തിനായി സ്ഥലം വിട്ടുനൽകുന്നതിനുള്ള സമ്മതപത്രം പയ്യന്നൂർ നഗരസഭ നൽകിയോ; വ്യക്തമാക്കുമോ; | (ബി) | സമ്മതപത്രം നഗരസഭ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് നൽകിയിട്ടുണ്ട്. |
| (സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് തീയേറ്റർ നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | നല്ല മലയാള ചലച്ചിത്രങ്ങൾ പ്രേക്ഷകരിൽ എത്തിക്കുന്നതിനായി കേരളത്തിലങ്ങോളമിങ്ങോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ സർക്കാർ വകുപ്പുകളോ അനുവദിക്കുന്ന സ്ഥലങ്ങളിൽ ആധുനിക നിലവാരത്തിലുള്ള തീയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി 100 കോടി രൂപ കിഫ്ബി ഫണ്ടിൽ നിന്നും കണ്ടെത്തുമെന്ന് 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പയ്യന്നൂർ നഗരസഭ അടക്കമുള്ള സ്ഥലങ്ങളിൽ തീയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിലേക്കായി കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നുവരികയാണ്. ഡി.പി.ആർ അംഗീകരിച്ച് കിഫ്ബി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ